# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3182

**11.05.2017** ലെ മറുപടിയ്ക്ക്

പെൻഷൻ ആനുകൂല്യങ്ങളും കുടിശ്ശികകളും സംബന്ധിച്ച്

**ചോദ്യം**

ശ്രീ. കെ.കൃഷ്ണൻകുട്ടി

**ഉത്തരം**

ഡോ. തോമസ് ഐസക്ക്

(ധനകാര്യം- കയർ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) 1/7/2014 മുതൽ 31/12/2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; മൊത്തം എത്ര ജീവനക്കാർക്ക് എത്ര രൂപ ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടെന്ന വ്യക്തമാക്കാമോ; | 01/07/2014 മുതൽ 31/01/2016 വരെ വിരമിച്ച 23,143 ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ , കുടിശ്ശികയായി 01/04/2017, 01/10/2017, 01/04/2018, 01/10/2018 എന്നീ തീയതികളിൽ നാല് ഗഡുക്കളായി അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ (അ) 09/2016/ധന ഉത്തരവിലെ ഖണ്ഡിക 9.1 പ്രകാരം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് വേണ്ടി വരുന്ന ചെലവ് കണക്കാക്കിയിട്ടില്ല. |
| ബി) 01/07/2014 മുതൽ 31/12/2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ ശമ്പള പരിഷ്കരണ അരിയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപ ഈ ഇനത്തിൽ നൽകാനുണ്ടെന്ന വ്യക്തമാക്കാമോ; | ജീവനക്കാരുടെ 01/07/2014 നും 31/01/2016 നും ഇടയിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക പലിശ ഉൾപ്പെടെ 01.04.2017, 01.10.2017, 01.04.2018, 01.10.2018 എന്നീ തീയതികളിൽ നാല് തുല്യ ഗഡുക്കളായി അനുവദിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 01.07.2014 നും 31.03.2017 നും ഇടയിൽ വിരമിച്ച ജീവനക്കാർക്കും സർവ്വീസിന്റെ അവസാനവർഷം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടരേണ്ടതില്ല എന്ന തീരുമാനിച്ചിട്ടുള്ള ജീവനക്കാർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നിർബന്ധമല്ലാത്ത പാർട്ട് ടൈം |

| | |
|---|---|
| | അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പലിശ സഹിതം പണമായി നൽകുവാൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) 01/07/2014 മുതൽ 31/12/2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷൻ അരിയർ, ഗ്രാറ്റുവിറ്റി അരിയർ നൽകിയിട്ടുണ്ടോ; എത്ര ജീവനക്കാർക്ക് ഇത് നൽകാനുണ്ട്; | 01/07/2014 മുതൽ 31/01/2016 വരെ വിരമിച്ച 23,143 ജീവനക്കാരുടെ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ കുടിശ്ശികയായി 01/04/2017, 01/10/2017, 01/04/2018, 01/10/2018 എന്നീ തീയതികളിൽ നാല് ഗഡുക്കളായി അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ (അ) 09/2016/ധന ഉത്തരവിലെ ഖണ്ഡിക 9.1 പ്രകാരം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) ആനുകൂല്യങ്ങൾ ലഭിക്കാതെ പെൻഷൻ പറ്റിയ ജീവനക്കാർ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്? | സർവ്വീസിൽ നിന്നും വിരമിച്ച എല്ലാ ജീവനക്കാർക്കും ശമ്പള പരിഷ്കരണത്തിന് മുൻപുണ്ടായിരുന്ന നിരക്കിൽ എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പള പരിഷ്കരണം വഴിയുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക നാല് ഗഡുക്കളായി വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ